## കേരള സർക്കാർ
# സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment



## മികച്ച സന്നദ്ധ സംഘടനക്കുള്ള അംഗീകാരം

## സത്യാന്വേഷണ ചാരിറ്റബിൾ സൊസൈറ്റി, തിരുവനന്തപുരം

### വയോജനക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മികച്ച സന്നദ്ധ സംഘടനയ്ക്ക് നൽകുന്ന അംഗീകാരം

2006-ൽ പ്രവർത്തനം ആരംഭിച്ച ടി സ്ഥാപനം സമൂഹത്തിൽ ഒറ്റപ്പെട്ട പോയ വൃദ്ധജനങ്ങളെ കണ്ടെത്തി കുടുംബവുമായി യോജിപ്പിക്കുന്ന പ്രവർത്തനം നടത്തി വരുന്നു. ഉരിയക്കോട് നെടിയവിള പൂമലയിൽ ജ്ഞാനസെൽവം മെമ്മോറിയൽ വയോജന കേന്ദ്രം എന്ന പേരിൽ സ്ത്രീകൾക്ക് വേണ്ടി ഒരു വയോജനകേന്ദ്രം നടത്തി വരുന്നു. ടി സ്ഥാപനത്തിന്റെ കീഴിൽ രക്തദാന ഫോറം, പാലിയെറ്റീവ് കെയർ യൂണിറ്റ്, ആംബുലൻസ് സർവീസ് എന്നിവയും നടത്തി വരുന്നു. വയോജനകേന്ദ്രത്തിൽ അമ്മമാരുടെ ശാരീരിക മാനസിക ഉല്ലാസത്തിനായി അവരുടെതന്നെ നേതൃത്വത്തിൽ ജൈവകൃഷിത്തോട്ടം ഉണ്ടാക്കുകയും സംഗീത വിരുന്നുകൾ ഒരുക്കുകയും വിശേഷ ദിവസങ്ങളിൽ അമ്മമാർക്ക് വേണ്ടി സൗഹൃദ കൂട്ടായ്മകൾ നടത്തി വരുന്നു.

## കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment



## മികച്ച സന്നദ്ധ സംഘടനകൾക്കുള്ള അംഗീകാരം

## മഹാത്മാ ജനസേവന കേന്ദ്രം, പത്തനംതിട്ട

### വയോജനക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മികച്ച സന്നദ്ധ സംഘടനയ്ക്ക് നൽകുന്ന അംഗീകാരം

2014 മുതൽ അടൂരിൽ പ്രവർത്തിച്ചു വരുന്ന ജീവകാരുണ്യ സ്ഥാപനമാണ് മഹാത്മാജനസേവന കേന്ദ്രം. നിലവിൽ പ്രസ്തുത വയോജനകേന്ദ്രത്തിൽ 98 അംഗങ്ങളെ സംരക്ഷിച്ചു വരുന്നു. ടി കേന്ദ്രത്തിനോട് അനുബന്ധിച്ച് വയോജനങ്ങളുടെ പരിചരണത്തിനുവേണ്ടി മഹാത്മാ ജെറിയാട്രിക് കെയർ ഹോസ്പിറ്റൽ പ്രവർത്തിച്ചു വരുന്നു. ടി സ്ഥാപനത്തിന്റെ അനക്സ് ആയി പ്രവർത്തിക്കുന്ന ആതുരാശ്രമത്തിൽ ഏകദേശം 40-ൽ പരം സ്ത്രീകളെ പരിചരിക്കുന്നുണ്ട്. വയോജനങ്ങൾക്ക് നിയമ സഹായം ലഭ്യമാകുന്നതിനായി DLSA-യുടെ അനുമതിയോടെ ടി സ്ഥാപനത്തിനുകീഴിൽ സൗജന്യ ലീഗൽ എയ്ഡ് ക്ലിനിക്കിൽ പ്രവർത്തിച്ചു വരുന്നു. മുതിർന്ന പൗരന്മാർക്കുവേണ്ടി നിരവധി തൊഴിൽ സംരംഭങ്ങൾ നടത്തി വരുന്നുണ്ട്.

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT
care, protection & empowerment

## മികച്ച സന്നദ്ധ സംഘടനക്കുള്ള അംഗീകാരം

## സാന്ത്വനം ചാരിറ്റബിൾ സൊസൈറ്റി, ആലപ്പുഴ

### വയോജനക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മികച്ച സന്നദ്ധ സംഘടനയ്ക്ക് നൽകുന്ന അംഗീകാരം

2008-ൽ പ്രവർത്തനം ആരംഭിച്ച ടി സ്ഥാപനത്തിനു കീഴിൽ 'വസദം' പകൽവീട് പ്രവർത്തിക്കുന്നുണ്ട്. 2015 മുതൽ 200-ഓളം മുതിർന്നപൗരന്മാർക്ക് എല്ലാ മാസവും ആയുർവേദ ക്യാമ്പ് മുഖേന ആരോഗ്യ പരിശോധന നടത്തിവരുന്നു. 60 വയസ്സിനുമുകളിലുള്ള അമ്മമാർക്ക് അമ്മക്കൂട്ടം രൂപീകരിച്ചിട്ടുണ്ട്. 2011 മുതൽ ഏകദേശം 65-ഓളം മുതിർന്ന പൗരന്മാർക്ക് പെൻഷൻ നൽകി വരുന്നു. കിടപ്പ് രോഗികൾക്ക് പാലിയേറ്റീവ് ക്യാമ്പ്, Dental, Eye, Urology, ക്യാമ്പുകളും 3 മാസത്തിലൊരിക്കൽ സ്ഥാപനം നടത്തി വരുന്നു. വയോജനപരിപാലന രംഗത്ത് സ്ഥാപനം നടത്തിയിട്ടുള്ള നൂതനങ്ങളായ പ്രവർത്തനങ്ങൾ പരിഗണിച്ച് നിരവധി പുരസ്കാരങ്ങൾ സംഘടനയ്ക്ക് ലഭിച്ചിട്ടുണ്ട്.

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT

care, protection & empowerment



## മികച്ച സന്നദ്ധ സംഘടനക്കുള്ള അംഗീകാരം

## സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ (SCFWA), മലപ്പുറം

**വയോജനക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മികച്ച സന്നദ്ധ സംഘടനയ്ക്ക് നൽകുന്ന അംഗീകാരം**

വയോജനങ്ങളുടെ ക്ഷേമം ലക്ഷ്യമാക്കി സംസ്ഥാനമൊട്ടാകെ പ്രവർത്തിച്ചുവരുന്ന സംഘടനയാണ് സീനിയർ സിറ്റിസൺസ് ഫ്രണ്ട്സ് വെൽഫെയർ അസോസിയേഷൻ (SCFWA), മലപ്പുറം. 2007-മുതൽ പ്രവർത്തനം ആരംഭിച്ച ടി സംഘടന ജീവിക്കാൻ ആവശ്യമായ സാഹചര്യങ്ങൾ ഇല്ലാതെ പാർശ്വവൽക്കരിക്കപ്പെട്ട വയോജനങ്ങൾക്കുവേണ്ടി ജില്ലയിൽ ഉടനീളം വയോജന കൂട്ടായ്മ യൂണിറ്റുകൾ സംഘടിപ്പിച്ചുവരുന്നു. സർക്കാർ ആശുപത്രികളിൽ വയോജന സൗഹൃദ ക്യൂ, വയോജനങ്ങൾക്ക് റാമ്പ് സംവിധാനം എന്നിവ സംഘടനയുടെ ഇടപെടൽ മൂലം സാധ്യമാക്കുവാൻ സാധിച്ചു. സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ഫീസ് ഇളവ്, ലാബുകളിൽ പരിശോധനാ ഫീസ് ഇളവ് എന്നിവയും സംഘടനയുടെ പ്രവർത്തനം മൂലം ലഭ്യമാക്കുവാൻ കഴിഞ്ഞു. മലപ്പുറം ജില്ലയിലെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ടി സംഘടനയെ അംഗീകാരത്തിന് അർഹമാക്കിയത്.

കേരള സർക്കാർ

# സാമൂഹ്യ നീതി വകുപ്പ്

SOCIAL JUSTICE DEPARTMENT

care, protection & empowerment



## മികച്ച സന്നദ്ധ സംഘടനക്കുള്ള അംഗീകാരം

## ഇനിഷ്യേറ്റീവ് ഫോർ റീഹാബിലിട്ടേഷൻ ആൻഡ് പാലിയേറ്റീവ് കെയർ (IRPC), കണ്ണൂർ

### വയോജനക്ഷേമവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മികച്ച സന്നദ്ധ സംഘടനയ്ക്ക് നൽകുന്ന അംഗീകാരം

കണ്ണൂർ ജില്ലയിൽ സാന്ത്വന പരിചരണ രംഗത്ത് 2012 മുതൽ പ്രവർത്തിച്ചു വരുന്ന സന്നദ്ധ സംഘടനയാണ് IRPC. ഗൃഹകേന്ദ്രീകൃത വയോജന പരിപാലനവും രോഗീപരിചരണവുമാണ് IRPC-യുടെ പ്രധാന പ്രവർത്തനം. 75 പേരെ കിടത്തി പരിചരിക്കുവാൻ സൗകര്യമുള്ള കണ്ണൂർ തയ്യിലിലെ സാന്ത്വന കേന്ദ്രവും ആശരണരായ വയോജനങ്ങളെയും താമസിപ്പിച്ചു പരിചരണം നൽകുന്ന വയോജന കേന്ദ്രവും IRPC-യുടെ കീഴിൽ പ്രവർത്തിപ്പിച്ചു വരുന്നു. അരക്ക് താഴെ തളർന്നു പോയ വയോജനങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ട് തൊഴിലും വരുമാനവും കണ്ടെത്തുന്നതിനുവേണ്ടിയുള്ള 'കനിവ്' പദ്ധതിയും ആദിവാസി മേഖലയിലെ വയോജനങ്ങൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പും പോഷകാഹാര കിറ്റ് നൽകുന്ന പദ്ധതി, ഹെൽപ് ഡെസ്ക് എന്നീ സേവനങ്ങളും IRPC നൽകി വരുന്നുണ്ട്.